**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1305 — 03/12/2018-ൽ മറുപടിയ്ക്ക്

# പ്രീ സ്കൂൾ പഠനം ശാസ്ത്രീയമായി പരിഷ്കരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. പി.അയിഷാ പോറ്റി** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രീ സ്കൂളുകളെ അംഗൻവാടികളുമായി ബന്ധിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി അങ്കണവാടികളെ പ്രീ-സ്കൂളുമായി ബന്ധിപ്പിക്കുന്ന ക്ലസ്റ്റർ അധിഷ്ഠിത പ്രീസ്കൂൾ സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിക്കുകയും, ലീഡ് സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ (ജില്ലയിൽ 30 വീതം) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ക്ലസ്റ്റർ സ്കൂളുകളിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും അദ്ധ്യാപകർ, ആയമാർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികൾ, വകുപ്പ് ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള മൊഡ്യൂൾ തയ്യാറാക്കിയിട്ടുമുണ്ട്. |
| (ബി) പ്രീ സ്കൂൾ പഠനം ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും സ്വകാര്യ ഏജൻസികൾ തയ്യാറാക്കുന്ന അശാസ്ത്രീയ പഠന സാമഗ്രികൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പാഠ്യപദ്ധതിയും പഠനസാമഗ്രികളും ഉപയോഗിച്ച് മാതൃഭാഷാ മാധ്യമത്തിൽ പ്രീസ്കൂൾ കുട്ടികളുടെ സമഗ്ര വികാസത്തിനു സഹായകമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

Reena

സെക്ഷൻ ഓഫീസർ